# സൂറ – 28 / അൽ ഖസ്വസ്വ്

### സൂക്തം: 54 – 56

അടിച്ചവനെ തിരിച്ചടിക്കുന്നത് ന്യായമാണ്. പക്ഷേ നന്മയല്ല. അതു പലപ്പോഴും സഹായകമാവുക അക്രമം വളർത്താനും ശത്രുത നിലനിർത്താനുമായിരിക്കും. അടിച്ചവനോട് ക്ഷമിക്കുന്നതാണ് നന്മ. അത് അടിച്ചവനെ വീണ്ടുവിചാരത്തിനും സ്വയം തിരുത്തുന്നതിനും പ്രേരിപ്പിച്ചേക്കും. അശ്ലീല ഭാഷയിൽ ശകാരിക്കുന്നവരെ അതേ ഭാഷയിൽ അങ്ങോട്ടും ശകാരിക്കുമ്പോൾ ശകാരിച്ചവനും ശകാരിക്കപ്പെട്ടവനും ഒരുപോലെയാകുന്നു.



أُولَٰئِكَ يُؤْتَوْنَ أَجْرَهُم مَّرَّتَيْنِ بِمَا صَبَرُوا وَيَدْرَءُونَ بِالْحَسَنَةِ السَّيِّئَةَ وَمِمَّا رَزَقْنَاهُمْ يُنفِقُونَ ﴿٥٤﴾

54. അക്കൂട്ടർക്ക് അവർ ക്ഷമിച്ചതിന്റെയും സഹിച്ചതിന്റെയും പേരിൽ രണ്ടു തവണ കർമഫലം ലഭിക്കുന്നു. നന്മ കൊണ്ട് തിന്മയെ തടയുന്നവരും നാം നൽകിയ വിഭവങ്ങൾ സന്മാർഗത്തിൽ ചെലവഴിക്കുന്നവരുമാണവർ.

**54**

أُولَٰئِكَ = അക്കൂട്ടർ يُؤْتَوْنَ= നൽകപ്പെടുന്ന (ലഭിക്കുന്ന) أَجْرَهُمْ= അവരുടെ കർമഫലം مَّرَّتَيْنِ= രണ്ടു തവണ
بِمَا صَبَرُوا= അവർ ക്ഷമിച്ചതിന്റെ (യും സഹിച്ചതിന്റെയും) പേരിൽ وَيَدْرَءُونَ= അവർ തടയുന്നു (ന്നവരും)
بِالْحَسَنَةِ= നന്മകൊണ്ട് السَّيِّئَةَ= തിന്മയെ وَمِمَّا رَزَقْنَاهُمْ = അവർക്ക് നാം നൽകിയ വിഭവങ്ങളി(ൾ)ൽനിന്ന്
يُنفِقُونَ= അവർ ചെലവഴിക്കുന്നു (ന്നവരുമാണവർ)

ഇവിടെ 'അക്കൂട്ടർ' എന്ന വാക്കു കൊണ്ട് സൂചിപ്പിക്കുന്നത് മുൻ സൂക്തം പരാമർശിച്ച യഹൂദരും ക്രൈസ്തവരുമായ വേദവിശ്വാസികളാണ്. കൈവശമുള്ള വേദങ്ങളിൽ നിസ്വാർഥമായും നിഷ്കളങ്കമായും വിശ്വസിക്കുകയും അതിലെ പ്രമാണങ്ങൾ ശരിയാംവണ്ണം മനസ്സിലാക്കുകയും ചെയ്യുന്നവർ ഈ ഖുർആനിലും വിശ്വസിക്കാൻ മുന്നോട്ടുവരുന്നു. അത്തരക്കാരുടെ അനേക സംഘങ്ങൾ വിദൂര ദേശങ്ങളിൽ നിന്ന് മക്കയിലും മദീനയിലുമെത്തി പ്രവാചകനെ സന്ദർശിച്ച് സത്യവിശ്വാസം പ്രഖ്യാപിച്ചതിന്റെ ഉദാഹരണങ്ങൾ നേരത്തേ ചൂണ്ടിക്കാണിച്ചുവല്ലോ. അവർക്ക് രണ്ട് പുണ്യവും പ്രതിഫലവും വാഗ്ദാനം ചെയ്യുകയാണ് അല്ലാഹു. ഒന്ന്, പൂർവ വേദത്തിൽ ദൃഢമായി വിശ്വസിച്ച് അതിലെ പ്രമാണങ്ങളെ ആത്മാർഥമായി അനുസരിച്ചതിന്റെ പേരിൽ. രണ്ട്, നിക്ഷിപ്ത താൽപര്യങ്ങളെയും മുൻധാരണകളെയും മാറ്റിനിർത്തി, സത്യമെന്ന് ബോധ്യപ്പെട്ട പുതിയ വേദം അംഗീകരിക്കാനും അനുസരിക്കാനും തയാറായതിന്റെ പേരിൽ. പ്രബലമായ ഒരു നബിവചനത്തിൽ പറയുന്നു:

ثَلَاثَةٌ يُؤْتَوْنَ أَجْرَهُمْ مَرَّتَيْنِ رَجُلٌ مِنْ أَهْلِ الْكِتَابِ آمَنَ بِنَبِيِّهِ ثم آمن بي وَعَبْدٌ مَمْلُوكٌ أَدَّى حَقَّ اللَّهِ وَحَقَّ مواليه وَرَجُلٌ كانَتْ لَهُ أَمَةٌ فَأَدَّبَهَا فَأَحْسَنَ تأ ديبها ثُمَّ أَعْتَقَهَا وَتَزَوَّجَهَا

(മൂന്നാളുകൾ രണ്ടു തവണ കർമഫലം ലഭിക്കുന്നവരാകുന്നു. തന്റെ പ്രവാചകനിലും പിന്നെ എന്നിലും വിശ്വസിച്ച വേദക്കാരനാണ് ഒരാൾ. അല്ലാഹുവിനോടുള്ള ബാധ്യതയും യജമാനനോടുള്ള ബാധ്യതയും യഥാവിധം നിർവഹിച്ച കീഴാളനായ ദൈവദാസനാണ് രണ്ടാമൻ. ഒരു അടിമപ്പെൺകുട്ടിയെ നല്ല വിദ്യാഭ്യാസം നൽകി വളർത്തുകയും പിന്നെ അവളെ സ്വതന്ത്രയാക്കി വിവാഹം ചെയ്യുകയും ചെയ്ത ഭക്തനാകുന്നു മൂന്നാമൻ).

നേരത്തേ ലഭിച്ച വേദത്തെ നിഷ്കളങ്കമായി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നത് തന്നെ ഏറെ ക്ഷമയും സഹനവും സ്ഥൈര്യവും ആവശ്യമുള്ള കാര്യമാണ്. വേദവിശ്വാസം അവകാശപ്പെട്ടുകൊണ്ട് ദേഹേഛകളനുസരിക്കുന്നവരെപ്പോലെ അവർക്ക് ജീവിക്കാനാവില്ല. ദേഹേഛകളോടും സമൂഹത്തിന്റെ ദുഷ്പ്രവണതകളോടും അവർക്ക് സമരം ചെയ്യേണ്ടിവന്നു. വിശുദ്ധ ഖുർആനിനെ നിസ്വാർഥമായി ഉൾക്കൊണ്ട് ജീവിക്കാൻ ശ്രമിക്കുന്നവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെക്കുറിച്ച് ആലോചിച്ചാൽ ഇക്കാര്യം അനായാസം മനസ്സിലാകും. കൈവശമുള്ള വേദത്തിന്റെ

താൽപര്യപ്രകാരം പുതിയ വേദത്തെയും പ്രവാചകനെയും കൂടി സ്വീകരിക്കാൻ തയാറാകുമ്പോൾ കാര്യം കൂടുതൽ വിഷമകരമാകുന്നു. അവർ സ്വന്തക്കാരിൽനിന്നും ബന്ധുക്കളിൽനിന്നുമുള്ള രൂക്ഷമായ ആക്ഷേപശകാരങ്ങളോടും പീഡനങ്ങളോടുമൊപ്പം പുതിയ വേദത്തിന്റെയും പ്രവാചകന്റെയും വിരോധികളുടെ പീഡനങ്ങളും കൂടി ഏൽക്കേണ്ടിവരുന്നു. ഇക്കാലത്ത് ഏതു വിഭാഗത്തിൽനിന്നും ഇസ്‌ലാമിനെ കണ്ടെത്തുന്നവർക്ക് തീവ്ര സെക്യുലരിസ്റ്റുകളിൽനിന്നു കൂടി രൂക്ഷമായ എതിർപ്പ് നേരിടേണ്ടിവരുന്നുണ്ട്. കേരളത്തിൽ തന്നെ ഇതിന് ഉദാഹരണങ്ങൾ കാണാം.

അചഞ്ചലമായ ആദർശധീരതയും സ്ഥൈര്യവും കൈക്കൊള്ളുമ്പോൾതന്നെ ആ വിശ്വാസികൾ എതിർപ്പുകളെയും ദ്രോഹങ്ങളെയും അതേ നാണയത്തിൽ നേരിടുകയില്ല. സത്യവിശ്വാസം അവരിലുളവാക്കുന്ന മനസ്സംസ്കാരം അതിന നുവദിക്കുകയില്ല. ഏതു തിന്മയെയും തങ്ങളുടെ ആദർശപ്രതിബദ്ധത താൽപര്യപ്പെടുന്ന നന്മ കൊണ്ടാണ് നേരിടുക. അക്രമിക്ക് തുല്യമായ തിരിച്ചടി നൽകുന്നത് ന്യായമാണ്. ഈ ന്യായം എപ്പോഴും നന്മയായിരിക്കുകയില്ല. ചിലപ്പോൾ തിന്മയും നിഷിദ്ധവുമായിരിക്കും. അടിച്ചവനെ തിരിച്ചടിക്കുന്നത് ന്യായമാണ്. പക്ഷേ നന്മയല്ല. അതു പലപ്പോഴും സഹായകമാവുക അക്രമം വളർത്താനും ശത്രുത നിലനിർത്താനുമായിരിക്കും. അടിച്ചവനോട് ക്ഷമിക്കുന്നതാണ് നന്മ. അത് അടിച്ചവനെ വീണ്ടുവിചാരത്തിനും സ്വയം തിരുത്തുന്നതിനും പ്രേരിപ്പിച്ചേക്കും. അശ്ലീല ഭാഷയിൽ ശകാരിക്കുന്നവരെ അതേ ഭാഷയിൽ അങ്ങോട്ടും ശകാരിക്കുമ്പോൾ ശകാരിച്ചവനും ശകാരിക്കപ്പെട്ടവനും ഒരുപോലെയാകുന്നു. പെരുമാറ്റത്തിലും സംസാരത്തിലും മറുകക്ഷിയേക്കാൾ വിശിഷ്ടമായ കർമരീതിയും ഭാഷയും സ്വീകരിക്കുക ഇസ്‌ലാമിക സ്വഭാവവും ഈമാനിന്റെ താൽപര്യവുമാകുന്നു. തർക്കിക്കുമ്പോൾ അസഭ്യം പറയുക കപടവിശ്വാസിയുടെ ലക്ഷണമാണെന്ന് നബി (സ) പ്രസ്താവിച്ചിരിക്കുന്നു.

മഹാധിക്കാരിയും സ്വേഛാപ്രമത്തനുമായ ഫറവോനെ പ്രബോധനം ചെയ്യാൻ മൂസാ(അ)യെ നിയോഗിച്ചപ്പോൾ അല്ലാഹു നിർദേശിച്ചത് ഫറവോനോട് മൃദുലമായി സംസാരിക്കണം- قولا له قولا لينا എന്നാണ്. വേദക്കാരോട് സംസാരിക്കുമ്പോൾ ഏറ്റം ഭംഗിയായ രീതിയിൽ സംസാരിക്കണം - وَجَادِلْهُم بِالَّتِي هِيَ أَحْسَنُ (16: 125) എന്നാണ് അല്ലാഹു മുഹമ്മദ് നബിയോട് കൽപിച്ചത്. അവിശ്വാസികളുടെ തിന്മകളെ നേരിടേണ്ടതും ഏറ്റവും നന്മയായതുകൊണ്ടായിരിക്കണമെന്ന് കൽപിച്ചിരിക്കുന്നു- ادْفَعْ بِالَّتِي هِيَ أَحْسَنُ السَّيِّئَةَ نَحْنُ أَعْلَمُ بِمَا يَصِفُونَ (23:96). ഇതിനു പുറമെ വിശ്വാസികൾക്ക് അവരിൽനിന്നുണ്ടാകുന്ന എല്ലാവിധത്തിലുള്ള തിന്മകളെയും ഏറ്റം നന്മയായതുകൊണ്ടു വേണം തടയാൻ എന്നും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. ادْفَعْ بِالَّتِي هِيَ أَحْسَنُ فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ (ഏറ്റം നന്നായതുകൊണ്ട് തിന്മയെ പ്രതിരോധിക്കുക. അപ്പോൾ, നിന്നോട് ശത്രുതയുള്ളവൻ നിന്റെ ഉറ്റ സുഹൃത്തായിത്തീരുന്നത് കാണാം -41:34). ഇതൊന്നും പറയുന്നതത്രെ എളുപ്പമല്ലെന്നും വലിയ ക്ഷമയും സഹനവുമുള്ളവർക്കേ സാധിക്കൂ എന്നും കൂടി ഒപ്പം ഉണർത്തിയിട്ടുണ്ട്. وَمَا يُلَقَّاهَا إِلَّا الَّذِينَ صَبَرُوا وَمَا يُلَقَّاهَا إِلَّا ذُو حَظٍّ عَظِيمٍ (വലിയ ക്ഷമയും സഹനവുമുള്ള മഹാ ഭാഗ്യവാന്മാർക്കേ ഈ മഹിത ഗുണം ലഭിക്കൂ -41:35). وَلَمَن صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنْ عَزْمِ الْأُمُورِ (ഒരുവൻ ക്ഷമയും വിട്ടുവീഴ്ചയും ചെയ്യുന്നുവെങ്കിൽ അത് നല്ല നിശ്ചയദാർഢ്യം ആവശ്യമുള്ള കാര്യമാകുന്നു- 42:43).

ഇക്കൂട്ടരുടെ മറ്റൊരു ഗുണമാകുന്നു സ്വന്തം സൗഭാഗ്യങ്ങൾ അന്യരുമായി പങ്കുവെക്കുക എന്നത്. തങ്ങൾക്കുള്ളതെന്തും-അതു ധനമാകട്ടെ, അധികാരമാകട്ടെ, കായശേഷിയാകട്ടെ, വിജ്ഞാനമാകട്ടെ-അല്ലാഹുവിങ്കൽനിന്നുള്ള ഔദാര്യമാണെന്നും അല്ലാഹുവിന്റെ സൃഷ്ടികൾക്ക് പ്രയോജനപ്പെടുത്താനാണ് അത് തങ്ങളെ ഏൽപിച്ചിരിക്കുന്നത് എന്നുമാണവരുടെ നിലപാട്. അതുകൊണ്ട് സ്വന്തം കഴിവുകളെ മറ്റാർക്കും പ്രയോജനപ്പെടുത്താതെ സ്വാർഥങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിക്കാൻ അവർ കെട്ടിപ്പൂട്ടി വെക്കുകയില്ല. മുകളിൽ സൂചിപ്പിച്ച, ദൂരദേശങ്ങളിൽനിന്നുള്ള വേദവിശ്വാസികൾക്ക് തിരുനബിയുടെ സന്നിധിയിലെത്തുന്നത് ഏറെ കായക്ലേശവും ധനനഷ്ടവും സഹിച്ചുകൊണ്ടാണെന്ന സൂചനയും ഇതിലുണ്ട്. വേദക്കാരെ, വിശേഷിച്ച് യഹൂദരെ ഇസ്‌ലാമിൽനിന്ന് തടയുന്ന ഏറ്റവും വലിയ കടമ്പ അവരുടെ ധനാർത്തിയാണെന്ന് ഖുർആൻ പലയിടത്തും ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ സൂറയിൽ തന്നെ വൻകിട മുതലാളിയായിരുന്ന ഖാറൂനെക്കുറിച്ച് പറയുന്നുണ്ട്. ഒട്ടകത്തിന് സൂചിക്കുഴയിലൂടെ കടക്കാനാവാത്തതുപോലെ ധനാഢ്യന്മാർക്ക് ദൈവരാജ്യത്തിൽ കടക്കാനാവില്ല എന്ന് ഈസാ (അ) പറഞ്ഞത് യഹൂദരോടായിരുന്നു. ■

---

وَإِذَا سَمِعُوا اللَّغْوَ أَعْرَضُوا عَنْهُ وَقَالُوا لَنَا أَعْمَالُنَا وَلَكُمْ أَعْمَالُكُمْ سَلَامٌ عَلَيْكُمْ لَا نَبْتَغِي الْجَاهِلِينَ ﴿٥٥﴾

55. കെട്ട വർത്തമാനങ്ങൾ കേട്ടാൽ അവർ അവഗണിച്ചകന്നു മാറുന്നു. അവർ പറയുകയായി: ഞങ്ങൾക്ക് ഞങ്ങളുടെ ജോലി. നിങ്ങൾക്കു നിങ്ങളുടെ ജോലി. നിങ്ങൾക്ക് സലാം. അവിവേകികളിൽ ഞങ്ങൾക്ക് ഒരു താൽപര്യവുമില്ല.

**55**

وَإِذَا سَمِعُوا= അവർ കേട്ടാൽ اللَّغْوَ = അനാവശ്യം (കെട്ട വർത്തമാനങ്ങൾ)

أَعْرَضُوا عَنْهُ= അവർ അതിനെ അവഗണിച്ചു (ച്ചകന്നുമാറുന്നു) وَقَالُوا= അവർ പറയുകയായി

لَنَا أَعْمَالُنَا= ഞങ്ങൾക്ക് ഞങ്ങളുടെ ജോലി وَلَكُمْ أَعْمَالُكُمْ= നിങ്ങൾക്കു നിങ്ങളുടെ ജോലി

سَلَامٌ عَلَيْكُمْ= നിങ്ങൾക്കു സലാം (നിങ്ങൾക്കു നല്ലതുവരട്ടെ, ഞങ്ങളെ വിട്ടേക്കൂ)

لَا نَبْتَغِي = ഞങ്ങൾ തേടുന്നില്ല (ശ്ക്കു ഒരു താൽപര്യവുമില്ല) الْجَاهِلِينَ = അവിവേകികളെ (ളിൽ) മൂഢന്മാരെ

തിന്മയെ നന്മ കൊണ്ട് പ്രതിരോധിക്കുക എന്നതിന്റെ വിശദീകരണമാണിത്. ഒരാൾ ഇസ്‌ലാമിലേക്ക് കടന്നുവരുമ്പോൾ അയാളുടെ അവിശ്വാസികളായ ബന്ധുക്കളും സമുദായവും ഇസ്‌ലാമിന്റെ മറ്റു വിരോധികളും അയാളെ കഠിനമായി അധിക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്യും. അയാളെ പൂർവ മതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ എല്ലാ കുതന്ത്രങ്ങളും പയറ്റിക്കൊണ്ടിരിക്കും. മാനസാന്തരപ്പെടുന്നത് പെണ്ണാണെങ്കിൽ പറയും; ഏതോ മാപ്പിളച്ചെക്കനെ മോഹിച്ച് നാണമില്ലാതെ മതം മാറുന്ന മഹാ മൂഢ. ആണാണെങ്കിൽ പറയും; മാപ്പിള പെണ്ണിന്റെ തൊലിമിനുപ്പിൽ മോഹിച്ച് ബുദ്ധിയും വിവേകവും നഷ്ടപ്പെട്ട വഷളൻ. വ്യത്യസ്ത മതവിഭാഗങ്ങളിൽപെട്ട സ്ത്രീപുരുഷന്മാർക്കിടയിലുണ്ടാകുന്ന അനുരാഗം അവരിലൊരാളുടെ മതംമാറ്റത്തിനു ഹേതുവാകാറുണ്ട് എന്നത് ശരിയാണ്. അത്തരം മതപരിവർത്തനങ്ങൾ ഇസ്‌ലാമിലേക്ക് മാത്രമല്ല, ഇസ്‌ലാമിൽനിന്ന് ഇതര മതങ്ങളിലേക്കും നടക്കുന്നുണ്ട്. പക്ഷേ, മറ്റു മതങ്ങളിൽനിന്ന് ഇസ്‌ലാമിലേക്കുള്ള പരിവർത്തനങ്ങളെല്ലാം കമിതാവിനെ അല്ലെങ്കിൽ പണം മോഹിച്ച് നടക്കുന്നതായിട്ടാണ് അമുസ്‌ലിം സഹോദരന്മാർ വിലയിരുത്താറുള്ളത്. മാനസാന്തരപ്പെടുന്നത് വിശ്വവിഖ്യാതരായ എഴുത്തുകാരും ചിന്തകരുമായാൽ പോലും അങ്ങനെ കാണാനാണവർക്കിഷ്ടം. സ്വയം ബോധ്യപ്പെട്ട സത്യം സ്വീകരിക്കാൻ ധൈര്യപ്പെടുന്നവരെ അവഹേളിക്കാനും വീര്യം കെടുത്താനും ഇതിനേക്കാൾ ശക്തമായ ആയുധം വേറെയില്ല.

അന്ത്യപ്രവാചകനും വിശുദ്ധ ഖുർആനും ദീനുൽ ഇസ്‌ലാമും അല്ലാഹുവിങ്കൽനിന്നുള്ള സത്യങ്ങളാണെന്ന ഉത്തമബോധ്യത്തോടെ സ്വീകരിച്ച വിശ്വാസികളെ ഇത്തരം അവഹേളനങ്ങളും ഭർത്സനങ്ങളും ഒട്ടും തളർത്തുകയോ പ്രകോപിപ്പിക്കുകയോ ചെയ്യുന്നില്ല. കെട്ട നടപടികളിൽനിന്നും വർത്തമാനങ്ങളിൽനിന്നും വിചാരങ്ങളിൽനിന്നുമെല്ലാം അകലം പാലിച്ച് വർത്തിക്കുകയാണ് അവരുടെ രീതി. ഖുർആൻ ഇക്കാര്യം ആവർത്തിച്ചനുസ്മരിപ്പിക്കുന്നുണ്ട്. ജീവിതം സഫലമാക്കുന്ന വിശ്വാസികളുടെ ഗുണങ്ങൾ എണ്ണിപ്പറയുന്നിടത്ത് പറയുന്നു: وَالَّذِينَ هُمْ عَنِ اللَّغْوِ مُعْرِضُونَ (എല്ലാ കെട്ട കാര്യങ്ങളിൽനിന്നും അകന്നുനിൽക്കുന്നവരാണവർ- 23:3). وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا (കെട്ട കാര്യങ്ങളിലൂടെ കടന്നുപോകാനിടയായാൽ അവർ മാന്യന്മാരായി കടന്നുപോകുന്നു- 25:72). മറുനാടുകളിൽനിന്ന് വന്ന് പ്രവാചകനെ സന്ദർശിച്ച് ഇസ്‌ലാം സ്വീകരിച്ചിരുന്നവരെ ഖുറൈശികൾ അധിക്ഷേപിച്ചിരുന്നതും അതിന് വിശ്വാസികൾ നൽകിയിരുന്ന മറുപടിയും 52-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അവരെ ചൂണ്ടിക്കൊണ്ടാണ് ഈ സൂക്തം സംസാരിക്കുന്നത്. ഈ അധിക്ഷേപങ്ങളെയെല്ലാം ജാഹിലിയ്യത്തിന്റെ പിത്തലാട്ടമായി കണ്ട് അവഗണിക്കുകയാണവർ. ജാഹിലിയ്യത്തിന്റെ വക്താക്കളുടെ അന്തസ്സാരശൂന്യമായ ജൽപനങ്ങൾക്കു മറുപടി പറയാനോ അവരുമായി ശണ്ഠകൂടാനോ വിശ്വാസികൾ മിനക്കെടുന്നില്ല. 'ഞങ്ങൾ ചെയ്യുന്നതിന്റെ ഗുണദോഷങ്ങൾ ഞങ്ങൾ അനുഭവിച്ചുകൊള്ളാം. നിങ്ങൾ ചെയ്യുന്നതിന്റെ ഗുണദോഷങ്ങൾ നിങ്ങളും അനുഭവിച്ചുകൊള്ളുക. ഞങ്ങൾ നിങ്ങളോട് തർക്കിക്കാനില്ല. നിങ്ങൾക്ക് സലാം സഹോദരന്മാരേ, മൂഢരായ അവിവേകികളിൽ ഞങ്ങൾക്ക് താൽപര്യമില്ല.' ഇതായിരിക്കും അവരുടെ നിലപാട്. മറ്റൊരിടത്ത് ഈ ആശയം അവതരിപ്പിക്കുന്നത് لَكُمْ دِينُكُمْ وَلِيَ دِينِ (നിങ്ങൾക്ക് നിങ്ങളുടെ ദീൻ, എനിക്ക് എന്റെ ദീൻ -109:6) എന്നാണ്. قُلْ كُلٌّ يَعْمَلُ عَلَىٰ شَاكِلَتِهِ فَرَبُّكُمْ أَعْلَمُ بِمَنْ هُوَ أَهْدَىٰ سَبِيلًا (പ്രവാചകൻ അവരോട് പറയുക. ഓരോരുത്തനും അവനവന്റെ മാർഗത്തിൽ പ്രവർത്തിക്കുന്നു. ആരാണേറ്റം സന്മാർഗം കൈക്കൊണ്ടവരെന്ന് നിങ്ങളുടെ നാഥൻ നന്നായറിയുന്നുണ്ട്- 17:84). അവിവേകികളായ മൂഢ ജനം തർക്കിക്കാൻ ചെന്നാൽ സലാം പറഞ്ഞ് പിരിഞ്ഞുപോരുക. കരുണാമയനായ ദൈവത്തിന്റെ ദാസന്മാരുടെ (عِبَادُ الرَّحْمَٰنِ) സവിശേഷ ഗുണമായി പ്രസ്താവിച്ചിരിക്കുന്നു. وَإِذَا خَاطَبَهُمُ الْجَاهِلُونَ قَالُوا سَلَامًا (അവിവേകികൾ തർക്കിക്കാൻ ചെന്നാൽ അവർ പറയുന്നു; സലാം- 15:63). ഇസ്‌ലാമിന്റെ ഔദ്യോഗിക അഭിവാദ്യമാണ് സലാം. ഇത്തരം സന്ദർഭങ്ങളിൽ പറയുന്ന സലാമിന് 'നിങ്ങൾക്ക് നല്ലത് ഭവിക്കട്ടെ' എന്നതിനപ്പുറം, 'ഞങ്ങൾ ഞങ്ങളുടെ വഴിക്ക് പോകട്ടെ' എന്നു കൂടി അർഥമുണ്ട്.

വിവേകശൂന്യരായ ആളുകളോട് തർക്കിക്കുന്നതുകൊണ്ട് ഞങ്ങൾക്കോ അവർക്കോ ഒരു ഗുണവുമുണ്ടാകുമെന്ന് കരുതുന്നില്ല. ഞങ്ങളുടെ വിജ്ഞാനവും വിവേകവും വർധിപ്പിക്കാനോ അവരുടെ അവിവേകവും അജ്ഞതയും അൽപമെങ്കിലും കുറക്കാനോ അതുകൊണ്ട് സാധിക്കുകയില്ല. ഇതാണ് لَا نَبْتَغِي الْجَاهِلِينَ എന്ന വാക്യത്തിന്റെ താൽപര്യം. قَالُوا...... الْجَاهِلِينَ എന്ന വാക്യം വിശ്വാസികൾ അവരുടെ വിമർശകരോട് നേരിട്ടു പറയുന്നതല്ലെന്നും, അന്തസ്സാരശൂന്യമായ വിമർശനങ്ങളെ അവഗണിച്ച് അകന്നുപോന്ന ശേഷം തങ്ങൾക്കിടയിൽ പറയുന്നതോ ആത്മഗതം ചെയ്യുന്നതോ ആണെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ആഭ്യന്തര സംസാരത്തെയും ആത്മഗതത്തെയും പൊതു പ്രസ്താവനയുടെ രൂപത്തിൽ അവതരിപ്പിച്ചതിന് ഖുർആനിൽ വേറെയും ഉദാഹരണങ്ങളുള്ളത് ഈ വ്യാഖ്യാനത്തെ ന്യായീകരിക്കുന്നു. ■

---

إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَٰكِنَّ اللَّهَ يَهْدِي مَن يَشَاءُ ۚ وَهُوَ أَعْلَمُ بِالْمُهْتَدِينَ ﴿٥٦﴾

56. പ്രവാചകാ, നീ ആഗ്രഹിക്കുന്നവരെ സന്മാർഗത്തിലേക്കു നയിക്കാൻ നിനക്കു കഴിയില്ല, പ്രത്യുത അല്ലാഹു അവനിച്ഛിച്ചവരെ സന്മാർഗത്തിലാക്ക് നയിക്കുകയാകുന്നു. സന്മാർഗം കൈക്കൊള്ളുന്നവരാരെന്ന് ഏറ്റം അറിയുന്നത് അവനാകുന്നു.

**56**

إِنَّكَ لَا تَهْدِي = തീർച്ചയായും (പ്രവാചകാ) നീ സന്മാർഗത്തിലാക്കുന്നില്ല (ലേക്കു നയിക്കാൻ നിനക്കു കഴിയില്ല)
مَنْ أَحْبَبْتَ = നീ സ്നേഹിക്കുന്നവനെ (ആഗ്രഹിക്കുന്നവനെ) وَلَٰكِنَّ اللَّهَ = പ്രത്യുത, അല്ലാഹു
يَهْدِي مَن يَشَاءُ = അവനിഛിക്കുന്നവരെ സന്മാർഗത്തിലേക്കു നയിക്കുകയാകുന്നു
وَهُوَ = അവനാകുന്നു أَعْلَمُ = ഏറ്റം അറിയുന്ന(ത്)വൻ بِالْمُهْتَدِينَ = സന്മാർഗം കൈക്കൊള്ളുന്നവരെ

തന്റെ സ്വന്തക്കാരും ബന്ധുക്കളുമായ ഖുറൈശികൾ മറ്റാരേക്കാളും മുമ്പെ തന്നിൽ വിശ്വസിക്കുകയും തന്റെ സന്ദേശം സ്വീകരിക്കുകയും ചെയ്തുകൊണ്ട് സംസ്കൃതരാവണമെന്ന് നബി (സ) അദമ്യമായി ആഗ്രഹിച്ചിരുന്നു. അതിനു വേണ്ടി അദ്ദേഹം അവരുടെ പിമ്പേ നടന്ന് നിരന്തരം ഉദ്ബോധിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതൊന്നും കേൾക്കാൻ തയാറാവാതെ ഖുറൈശികൾ ദീനുൽ ഇസ്‌ലാമിന്റെ ബദ്ധവൈരികളായി വർത്തിക്കുന്നതിൽ അദ്ദേഹത്തിന് അടക്കാനാവാത്ത ദുഃഖവുമുണ്ടായിരുന്നു. ഇക്കാര്യം 18:6-ൽ പരാമർശിക്കുന്നുണ്ട്: فَلَعَلَّكَ بَاخِعٌ نَّفْسَكَ عَلَىٰ آثَارِهِمْ إِن لَّمْ يُؤْمِنُوا بِهَٰذَا الْحَدِيثِ أَسَفًا (പ്രവാചകൻ ഈ ജനത്തിനു പിറകെ ദുഃഖം പൂണ്ട് സ്വയം നശിപ്പിച്ചേക്കാം; അവർ ഈ സന്ദേശം വിശ്വസിക്കുന്നില്ലെങ്കിൽ). 35:8-ൽ പ്രവാചകനെ ഉപദേശിക്കുന്നു: فَإِنَّ اللَّهَ يُضِلُّ مَن يَشَاءُ وَيَهْدِي مَن يَشَاءُ ۖ فَلَا تَذْهَبْ نَفْسُكَ عَلَيْهِمْ حَسَرَاتٍ (അല്ലാഹു അവനുദ്ദേശിക്കുന്നവരെ ദുർമാർഗത്തിലകപ്പെടുത്തുന്നു. ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലേക്ക് നയിക്കുന്നു. അതിനാൽ പ്രവാചകൻ ഈ ജനത്തെക്കുറിച്ച് വേപഥു കൊണ്ട് ജീവൻ കളയേണ്ടതില്ല). പരദേശികൾ വന്ന് തന്നിൽ വിശ്വാസം രേഖപ്പെടുത്തുമ്പോൾ അവരെയും ആക്ഷേപിക്കുന്ന സ്വദേശികളുടെ നടപടി തിരുമേനിയെ വേദനിപ്പിച്ചു. ഈ പശ്ചാത്തലത്തിൽ പറയുകയാണ്: താൻ ആഗ്രഹിക്കുന്നവരെ സന്മാർഗത്തിലാക്കാൻ പ്രവാചകന് കഴിയില്ല. പ്രവാചകന്റെ ദൗത്യം ഇഷ്ടമുള്ളവരെയൊക്കെ സന്മാർഗത്തിലാക്കുക എന്നതുമല്ല. ദൈവിക സന്ദേശം ജനത്തിന് എത്തിച്ചുകൊടുക്കുക മാത്രമാണ് പ്രവാചക ദൗത്യം. ആരെങ്കിലും അത് സ്വീകരിച്ച് സന്മാർഗത്തിലാവുകയോ തിരസ്കരിച്ച് ദുർമാർഗത്തിലകപ്പെടുകയോ ചെയ്യുന്നത് അല്ലാഹുവിന്റെ വേണ്ടുകയാലാകുന്നു. സന്മാർഗം സ്വീകരിക്കാൻ യോഗ്യരും അർഹരുമായവർ ആരാണെന്ന് ഏറ്റവും അറിയുന്നത് അല്ലാഹുവാകുന്നു. സന്മാർഗം ആഗ്രഹിക്കുകയും നിസ്വാർഥമായി അന്വേഷിക്കുകയും ചെയ്യുന്നവർക്കാണ് അവൻ സന്മാർഗത്തിലെത്താൻ ഉതവിയരുളുക. ധർമാധർമബോധത്തിലേക്കുണരാതെ ജഡികാസക്തികൾക്കടിപ്പെട്ടു വാഴുന്നവരെ ആ നിലയിൽ തന്നെ വാഴാൻ വിടുന്നു. മുഹമ്മദ് നബിയുടെ കാര്യം മാത്രമല്ല എല്ലാ പ്രവാചകന്മാരുടെയും പ്രവാചകന്മാരല്ലാത്തവരുടെയും പ്രബോധനത്തിന്റെ കാര്യവും ഇതുതന്നെയാണ്.

പ്രവാചകന്മാരുമായും പ്രബോധകന്മാരുമായും ഉള്ള ദേശീയമോ കുടുംബപരമോ ആയ സാമീപ്യമൊന്നും ഇക്കാര്യത്തിൽ പ്രസക്തമാകുന്നില്ല. നൂഹ് നബിക്ക് താൻ വളർത്തി വലുതാക്കിയ പുത്രൻ സത്യനിഷേധിയായി പ്രളയത്തിൽ മുങ്ങി മരിക്കുന്നത് ദുഃഖത്തോടെ നോക്കി നിൽക്കേണ്ടിവന്നു. എത്രയൊക്കെ ശ്രമിച്ചിട്ടും ഇബ്റാഹീം നബിക്ക് സ്വന്തം പിതാവിൽ മനഃപരിവർത്തനമുണ്ടാക്കാനായില്ല. ലൂത്വ് നബിക്ക് അദ്ദേഹത്തിന്റെ പ്രിയതമയെ സോദോമിന്റെ ഉന്മൂല നാശത്തിന് സമർപ്പിക്കേണ്ടിവന്നു. മുഹമ്മദ് നബിയെ ഏറെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്ത അവിശ്വാസിയായിരുന്നു അദ്ദേഹത്തിന്റെ പിതൃവ്യനായ അബൂത്വാലിബ്. താൻ കണ്ടിട്ടുള്ള മറ്റേതു മതത്തേക്കാളും വിശിഷ്ടമാണ് മുഹമ്മദ് (സ) പ്രബോധനം ചെയ്യുന്ന മതമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. പക്ഷേ മിഥ്യയായ ഗോത്രാഭിമാനവും ഗോത്രത്തിന്റെ പരമ്പരാഗതമായ വിശ്വാസങ്ങളോടും അനാചാരങ്ങളോടുമുള്ള അചഞ്ചലമായ കൂറും അദ്ദേഹത്തെ ഇസ്‌ലാം സ്വീകരിക്കാൻ അനുവദിച്ചില്ല. അബൂത്വാലിബ് ആസന്നമരണനായപ്പോൾ ഇപ്പോഴെങ്കിലും അങ്ങ് ഇസ്‌ലാമിന്റെ സത്യസാക്ഷ്യം ഏറ്റു ചൊല്ലണമെന്നും എങ്കിൽ സത്യവിശ്വാസിയായി മരിച്ച അങ്ങേക്കു വേണ്ടി പരലോകത്ത് അല്ലാഹുവിനോട് ശിപാർശ ചെയ്യാൻ എനിക്ക് ന്യായം ലഭിക്കുമെന്നും നബി (സ) അഭ്യർഥിച്ചുനോക്കി. പക്ഷേ, അദ്ദേഹം വഴങ്ങിയില്ല. അബൂത്വാലിബ് മരണവെപ്രാളത്തിൽ മതം മാറിക്കളഞ്ഞു എന്ന് ആളുകൾ പാടി നടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ഈ സംഭവമാണ് പ്രകൃത സൂക്തത്തിന്റെ അവതരണ കാരണമെന്ന് ഖുർആൻ വ്യാഖ്യാതാക്കളിൽ പലരും പറഞ്ഞിരിക്കുന്നു. അബൂത്വാലിബ് സംഭവം ഈ സൂക്തത്തിന്റെ ആശയത്തെ സാക്ഷ്യപ്പെടുത്തുന്ന എണ്ണമറ്റ ഉദാഹരണങ്ങളിലൊന്നാകുന്നു എന്നതാണ് യാഥാർഥ്യം. ■